കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ അസിസ്റ്റന്റ് ഡയറക്ടർ നിയമനം

56 (2885) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ നിയമനരീതി എപ്രകാരമാണെന്നും, ഈ സർക്കാർ കാലയളവിൽ എത്ര പേരെ വിവിധ തസ്തികയിൽ നിയമിച്ചുവെന്നും അവർ ആരെല്ലാമെന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ ശ്രീമതി അനില മേരി ഗീവർഗീസിനെ ഏത് തസ്തികയിൽ നിയമിച്ചു എന്നും നിയമന പ്രക്രിയ എപ്രകാരമായിരുന്നുവെന്നും പ്രസ്തുത നിയമനം സ്ഥിരം തസ്തികയായിട്ടാണോ എന്നും ഇതുപോലെ ഏതെല്ലാം നേതാക്കളുടെ ബന്ധുക്കൾക്ക് ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമനം നൽകി എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമനങ്ങൾ സംബന്ധിച്ച് വകുപ്പ് മന്ത്രി ഉൾപ്പെടെ ആരുടെയെല്ലാം പേരിൽ വിജിലൻസ് കേസുകൾ നിലവിലുണ്ടോയെന്നും അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി എന്തെല്ലാം ആവശ്യപ്പെട്ടു എന്നും ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് ഡയറക്ടർ ആകാൻ വേണ്ട യോഗ്യതകൾ എന്തെല്ലാമെന്നും ശ്രീമതി അനില മേരി ഗീവർഗീസിന് പ്രസ്തുത നിയമനത്തിന് വേണ്ട യോഗ്യതകൾ ഉണ്ടോയെന്നും ടിയാൾ ഹാജരാക്കിയ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് വ്യാജമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത അസിസ്റ്റന്റ് ഡയറക്ടർ നിയമനത്തിന് ഇൻസ്റ്റിറ്റ്യൂട്ട് അപേക്ഷ ക്ഷണിച്ചിരുന്നോയെന്നും എങ്കിൽ എതെല്ലാം പത്രങ്ങളും മറ്റ് മാധ്യമങ്ങളുംവഴി അപേക്ഷ ക്ഷണിച്ചിരുന്നു എന്നും എത്ര പേർ അപേക്ഷ നൽകി എന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്യത്ര സേവന വ്യവസ്ഥയിൽ സർക്കാർ ഉത്തരവ് മുഖേനയും ഭരണസമിതി തീരുമാനപ്രകാരം പരസ്യം നൽകി ടെസ്റ്റ് ഇന്റർവ്യൂ നടത്തിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുമാണ് ഇതുവരെയുള്ള നിയമനങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയിട്ടുള്ളത്. നിയമനങ്ങളുടെ ലിസ്റ്റ് അനുബന്ധം 1*ആയി ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒഴിവുള്ള അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ശ്രീമതി അനില മേരി ഗീവർഗ്ഗീസിനെ നിയമിച്ചിരിക്കുന്നത്. നിയമനത്തിന് നേതാക്കളുടെ ബന്ധുക്കൾ എന്ന പരിഗണന നൽകാറില്ല.

(സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനം സംബന്ധിച്ച് വകുപ്പുമന്ത്രി ഉൾപ്പെടെ ആരുടെയും പേരിൽ നിലവിൽ വിജിലൻസ് കേസുകൾ ഉള്ളതായി അറിവില്ല.

(ഡി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് ഡയറക്ടർ ആകാൻ വേണ്ട യോഗ്യത അനുബന്ധം 2-ൽ *ചേർത്തിട്ടുണ്ട്.

ഡെപ്യൂട്ടേഷൻ നിയമനത്തിന് ലഭിക്കുന്ന അപേക്ഷ കെ.എസ്.ആർ. ചട്ടപ്രകാരം പരിശോധിച്ചതിനുശേഷമാണ് ഉത്തരവ് പുറപ്പെടുവിക്കാറുള്ളത്.

(ഇ) ഡെപ്യൂട്ടേഷൻ മുഖേനയാണ് നടത്തിയത്. ഇത് കെ.എസ്.ആർ. ചട്ടങ്ങൾ പാലിച്ചുള്ള നിയമനമാണ്. ഇതിനായി മാധ്യമങ്ങളിലൂടെ അപേക്ഷ ക്ഷണിച്ചിരുന്നില്ല.

വക്കം ഖാദറിന് സ്മാരകം

57 (2886) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധീരദേശാഭിമാനി വക്കം ഖാദറിന്റെ സ്മരണ നിലനിർത്തുന്നതിന്റെ ഭാഗമായി ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വക്കം ഖാദറിന് ആദരസൂചകമായി വക്കം ഗ്രാമപഞ്ചായത്തിൽ സ്മാരകം നിർമ്മിക്കുന്നതിന് സാംസ്കാരിക വകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വക്കം ഖാദറിന്റെ സ്മരണാർത്ഥം വക്കം ഗ്രാമപഞ്ചായത്തിൽ സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി സ്മാരക നിർമ്മാണത്തിനുള്ള വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കിയാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്മാരക നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. സാസ്കാരിക വകുപ്പ് നേരിട്ട് സ്മാരക നിർമ്മാണം ഏറ്റെടുത്ത് നടത്താറില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly